REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 18-12-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **സബ്കാ ബീമ- സബ്കീ രക്ഷ ഇൻഷുറൻസ് നിയമ ഭേദഗതി ബിൽ - പാർലമെന്റ് പാസാക്കി.**
- **വികസിത് ഭാരത് G-RAM- G ബിൽ ചർച്ചയ്ക്ക് ലോക്സഭയിൽ ഇന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് മറുപടി നൽകും.**
- **രണ്ട് ദിവസത്തെ ഒമാൻ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ മസ്കറ്റിലെത്തി.**
- **സംസ്ഥാനത്തെ തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിൽ എന്യൂമറേഷൻ ഫോമുകൾ തിരികെ സ്വീകരിക്കുന്ന അവസാന ദിവസം ഇന്ന്.**
- **തിരുവനന്തപുരം രാജ്യാന്തര ചലച്ചിത്ര മേള നാളെ സമാപിക്കും. ഇന്ന് 72 ചിത്രങ്ങൾ പ്രദർശിപ്പിക്കും.**
- **ദേശീയ ജൂനിയർ സ്കൂൾ മീറ്റിൽ കേരളത്തിന് കന്നിക്കിരീടം.**

## വാർത്തകൾ വിശദമായി

**സബ്കാ ബീമ- സബ്കീ രക്ഷ ഇൻഷുറൻസ് നിയമ ഭേദഗതി ബിൽ 2025- പാർലമെന്റ് പാസാക്കി. ലോക്സഭ ചൊവ്വാഴ്ചയും, രാജ്യസഭ ഇന്നലെയും ബില്ലിന് അംഗീകാരം നൽകി.**

**വിശദാംശങ്ങളിലേക്ക്...**

**...(വോയ്സ്).....**

1938 ലെ ഇൻഷുറൻസ് നിയമം, 1956 ലെ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ നിയമം, 1999 ലെ ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി നിയമം എന്നിവ ഭേദഗതി ചെയ്യുന്നതാണ് ബിൽ. ഇന്ത്യൻ ഇൻഷുറൻസ് കമ്പനികളിലെ പ്രത്യക്ഷ വിദേശ നിക്ഷേപ പരിധി 74 ശതമാനത്തിൽ നിന്ന് 100 ശതമാനമായി ഉയർത്താൻ ബില്ലിൽ നിർദ്ദേശമുണ്ട്.

രാഷ്ട്രത്തിന്റെ വികാസത്തിന് ജനങ്ങൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും കൃഷിയ്ക്കും സമഗ്ര ഇൻഷുറൻസ് പരിരക്ഷ ആവശ്യമാണെന്ന് ഗവൺമെന്റ് തിരിച്ചറിഞ്ഞതായി ബിൽ ചർച്ചയ്ക്ക് മറുപടി പറഞ്ഞ ധനമന്ത്രി നിർമ്മല സീതാരാമൻ വ്യക്തമാക്കി. ഗ്രാമീണ മേഖലയിൽ സാധാരണക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ വ്യാപിപ്പിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നും, ജീവൻ ജ്യോതി യോജന, കൃഷി ബീമ യോജന എന്നിവയുൾപ്പെടെ നിരവധി പ്രധാന ഇൻഷുറൻസ് പദ്ധതികൾ 2014 മുതൽ ആരംഭിച്ചിട്ടുണ്ടെന്നും നിർമ്മല സീതാരാമൻ പറഞ്ഞു.

✪✪✪

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കു പകരം കൊണ്ടുവന്ന വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആന്റ് ആജീവിക മിഷൻ ഗ്രാമീൺ ബിൽ ചർച്ചയ്ക്ക് ലോക്സഭയിൽ ഇന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ മറുപടി നൽകും. ബിൽ ചർച്ച ഇന്നലെ രാത്രി വൈകിയാണ് അവസാനിച്ചത്. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിനനുസൃതമായാണ് ബിൽ അവതരിപ്പിച്ചത്.

ഓരോ സാമ്പത്തിക വർഷവും 125 ദിവസത്തെ തൊഴിലിന് നിയമപരമായ അവകാശം ഗ്രാമീണ കുടുംബങ്ങൾക്ക് ലഭ്യമാകുന്ന തരത്തിലാണ് ബില്ലിലെ വ്യവസ്ഥകൾ തയ്യാറാക്കിയിരിക്കുന്നത്. ഇതിനാവശ്യമായ തുക കേന്ദ്രവും, സംസ്ഥാനങ്ങളും 60 - 40 അനുപാതത്തിൽ നൽകണമെന്നാണ് ബിൽ നിർദ്ദേശിക്കുന്നത്.

✪✪✪

ഒമാനിലെ രണ്ട് ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ വൈകിട്ട് മസ്കറ്റിലെത്തി. മൂന്ന് രാജ്യ സന്ദർശനത്തിന്റെ അവസാനപാദത്തിലാണ് അദ്ദേഹം ഒമാനിലെത്തിയത്. ഉപപ്രധാനമന്ത്രി സയ്യിദ് ഷിഹാബ് ബിൻ താരിഖ് അൽ സയിദ് നരേന്ദ്രമോദിയെ സ്വീകരിച്ചു. ഇരുനേതാക്കളും ഉഭയകക്ഷിബന്ധങ്ങൾ ശക്തിപ്പെടുത്താ നാവശ്യമായ നടപടികൾ ചർച്ച ചെയ്തു.

ഇന്ത്യയും, ഒമാനും സ്വതന്ത്ര വ്യാപാര കരാറായ, സമഗ്ര- സാമ്പത്തിക പങ്കാളിത്ത ഉടമ്പടി ഒപ്പുവെയ്ക്കുന്ന ചരിത്രപരമായ ദിവസമാണിന്ന്. കേന്ദ്രവാണിജ്യ മന്ത്രി പിയൂഷ് ഗോയലും, ഒമാൻ വ്യാപാരമന്ത്രി കൈസ് അൽ

യൂസഫും, ഒമാൻ സുൽത്താന്റെയും, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും സാന്നിധ്യത്തിലാണ് കരാർ ഒപ്പുവെയ്ക്കുന്നത്.

മസ്ക്കറ്റിലെത്തിയ പ്രധാനമന്ത്രിയെ ഇന്ത്യൻ സമൂഹം ഊഷ്മളമായി വരവേറ്റു. ഒമാൻ സുൽത്താനുമായി കൂടിക്കാഴ്ചയക്ക് ശേഷം ഇരുരാജ്യങ്ങളിലെയും വ്യവസായ പ്രമുഖരുമായും നരേന്ദ്രമോദി ചർച്ച നടത്തും. ഒമാനിലെ ഇന്ത്യൻ വിദ്യാർത്ഥികളുമായും പ്രധാനമന്ത്രി സംവദിക്കും.

✪✪✪

OTT ഉള്ളടക്കം സെൻസർ ബോർഡ് ഫിലിം സർട്ടിഫിക്കേഷന്റെ അധികാര പരിധിക്ക് പുറത്തായിരിക്കുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ. L മുരുകൻ പറഞ്ഞു. 2021-ലെ ഇൻഫർമേഷൻ ടെക്നോളജി നിയമങ്ങളുടെ മൂന്നാം ഭാഗത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് OTT ഉള്ളടക്കം നിയന്ത്രിക്കുന്നതെന്നും ഡോ.മുരുകൻ ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ വ്യക്തമാക്കി.

✪✪✪

ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി രാജ്യരക്ഷാ മന്ത്രാലയവും, My Bharath ഉം ചേർന്ന് സംഘടിപ്പിക്കുന്ന ദേശീയതല ഓൺലൈൻ മത്സരങ്ങളിൽ പങ്കാളികളാകാൻ കേന്ദ്രം ജനങ്ങളോട് അഭ്യർത്ഥിച്ചു. വന്ദേമാതരം ഉപന്യാസ രചന, പെയ്ന്റിംഗ്, വന്ദേമാതര ആലാപനം എന്നീയിനങ്ങളിൽ ഈ മാസം 31 വരെ പങ്കെടുക്കാം.

✪✪✪

സംസ്ഥാനത്തെ തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിൽ എന്യൂമറേഷൻ ഫോമുകൾ തിരികെ സ്വീകരിക്കുന്ന അവസാന ദിവസം ഇന്നാണ്. ഇന്ന് കൂടി ലഭിക്കുന്ന ഫോമുകൾ ഉൾപ്പെടുത്തി ഈ മാസം 23 ന് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 78 ലക്ഷത്തി 50,000 ത്തോളമായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 99.99 ശതമാനമാണിത്. ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ഒഴികെ എല്ലാ ജില്ലകളും 100 ശതമാനം ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വെളിപ്പെടുത്തി. ഈ ജില്ലകൾ ഇന്ന് 100 ശതമാനം ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 25 ലക്ഷത്തിന് തൊട്ടടുത്താണ്.

✪✪✪

**സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൽ, പുതുച്ചേരിയുടെ ഭാഗമായ മാഹിയിൽ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. 15,506 സ്ത്രീകളും 13,001 പുരുഷന്മാരും ഉൾപ്പെടെ 28,507 വോട്ടർമാർ കരട് വോട്ടർപട്ടികയിലുണ്ട്.**

✪✪✪

**ഗോവ വിമോചന സമരത്തിൽ പങ്കെടുക്കാൻ കേരളത്തിൽ നിന്നു ഗോവയിലേക്ക് പോയ ധീര സമരപോരാളികളുടെ കുടുംബാംഗങ്ങളെ ഗോവ വിമോചന ദിനമായ നാളെ ലോക് ഭവനിൽ ആദരിക്കും. വൈകിട്ട് സംഘടിപ്പിക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പങ്കെടുക്കും.**

**ഡെസ്ക്ക് റിപ്പോർട്ട്**

**...(വോയ്സ്)...**

**1961 ലെ ഗോവ വിമോചന സമരം ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തര പോരാട്ട ചരിത്രത്തിലെ നിർണായക അധ്യായമായിരുന്നു. പോർച്ചുഗീസ് കൊളോണിയൽ ആധിപത്യം അവസാനിപ്പിച്ചാണ് ഈ സമരം വിജയം കണ്ടത്.**

**ഗോവ വിമോചന സമരത്തിൽ പങ്കെടുത്തവരെ കേന്ദ്ര ഗവൺമെന്റ് സ്വാതന്ത്ര്യ സമര സേനാനികളായി അംഗീകരിച്ചിട്ടുണ്ട്. സമരത്തിൽ പങ്കെടുത്തവരിൽ കാസർകോട്ടെ KV നാരായണൻ മാത്രമാണ് ഇന്ന് ജീവിച്ചിരിക്കുന്നത്. 'ഓപ്പറേഷൻ വിജയ്' - ൽ പങ്കെടുത്ത മലയാളി ലഫ്റ്റനന്റ് PKN പിള്ളയെയും ചടങ്ങിൽ പ്രത്യേകം ആദരിക്കും.**

**ഇന്നലെ കോഴിക്കോട്ട് ഗോവ വിമോചന സമര അനുസ്മരണ സമിതിയുടെ ആഭിമുഖ്യത്തിൽ ചാലപ്പുറം കേസരി ഭവനിൽ സമരസേനാനികളുടെ കുടുംബസംഗമവും ആദരണ ചടങ്ങും സംഘടിപ്പിച്ചിരുന്നു. സമരസേനാനികളുടെ കുടുംബാംഗങ്ങളെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ആദരിച്ചു.**

**ചടങ്ങിൽ മുൻ ഗോവ ഗവർണർ PS ശ്രീധരൻപിള്ള അദ്ധ്യക്ഷനായിരുന്നു.**

✪✪✪

**തിരുവനന്തപുരം രാജ്യാന്തര ചലച്ചിത്ര മേള നാളെ സമാപിക്കും.**

**ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.**

**....(വോയ്സ്)..........**

തിരുവനന്തപുരത്തു നടക്കുന്ന രാജ്യാന്തര ചലച്ചിത്രമേള ഇനി രണ്ടു നാൾ കൂടി. വെള്ളിയാഴ്ച വൈകിട്ട് ആറു മണിക്ക് നിശാഗന്ധിയിലാണ് സമാപന ചടങ്ങുകൾ നടക്കുക. മേളയുടെ ഏഴാം ദിനമായ ഇന്ന് 72 ചിത്രങ്ങളാണ് പ്രദർശിപ്പിക്കും. അന്താരാഷ്ട്ര മൽസര വിഭാഗത്തിലെ എട്ടു ചിത്രങ്ങളാണ് ഇന്നു വിവിധ തീയ്യറ്ററുകളിൽ എത്തുന്നത്. അ്താരാഷ്ട്ര വിഭാഗത്തിലെ ഇറ്റ് വാസ് ജസ്റ്റ് ആൻ ആക്സിഡന്റ് വൈകിട്ടു മൂന്നു മണിക്കു പ്രദർശിപ്പിക്കും. ഫുൾ പ്ലേറ്റ്, ഹെർത്ത് ആന്റ് ഹോം, സോങ്സ് ഓഫ് ഫോർഗോട്ടൺ ട്രീസ് എന്നി ചിത്രങ്ങൾ ഇന്ത്യൻ സിനിമ നൗ വിഭാഗത്തിൽ ഇന്നെത്തുന്നുണ്ട്. മലയാളം സിനിമ ടുഡേ വിഭാഗത്തിൽ ഏഴു ചിത്രങ്ങളും ഇന്നെത്തും

✪✪✪

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ ....

....(വോയ്സ്).....

നാല് ഓസ്കർ പുരസ്കാരം നേടിയ ക്ലാസിക് ചിത്രം 'ഓൾ ദി പ്രസിഡന്റ്സ് മെൻ' ഉം ഇന്ന് പ്രദർശിപ്പിക്കും. നിശബ്ദ ചിത്രമായ 'സംസാര', ഇന്ത്യൻ സിനിമ നൗ- വിൽ, ഫുൾ പ്ലേറ്റ്, ഹെർത്ത് ആൻഡ് ഹോം, എന്നീ ചിത്രങ്ങളുടെ പ്രദർശനവും ഇന്നാണ്.

മലയാളം സിനിമാ ടുഡേ വിഭാഗത്തിൽ ശേഷിപ്പ്, അന്യരുടെ ആകാശങ്ങൾ, സമസ്ത ലോക, മോഹം, ശവപ്പെട്ടി, അംബ്രോസിയ, ചാവുകല്യാണം എന്നീ ചിത്രങ്ങളാണ് ഇന്ന് പ്രദർശിപ്പിക്കുന്നത്.

നേരത്തെ അനുമതി നിഷേധിച്ച 'ബീഫും, പലസ്തീൻ-36, വാജിബ്, തുടങ്ങിയ ചിത്രങ്ങളും ഇന്നത്തെ സവിശേഷതയാണ്. മലയാള സിനിമാ ദേശീയ സെമിനാർ ഉച്ചയ്ക്ക് ശേഷം നിളയിൽ നടത്തും.

✪✪✪

ശബരിമല സ്വർണ്ണത്തട്ടിപ്പിനെ അടിസ്ഥാനമാക്കി തിരഞ്ഞെടുപ്പ് പ്രചാരണത്തിന് പുറത്തിറക്കിയ പാരഡി ഗാനം അവഹേളനാപരമാണെന്ന പരാതിയിൽ തിരുവനന്തപുരം സൈബർ പൊലീസ് കേസെടുത്തു. തിരുവാഭരണ സംരക്ഷണ സമിതിയുടെ പരാതി മുൻനിർത്തിയാണ് കേസ്. ഗാനരചയിതാവ്, ഗായകൻ, നിർമ്മാതാവ് എന്നിവർക്കും സ്റ്റുഡിയോക്കുമെതിരെയാണ് കേസ്.

✪✪✪

ഇന്ന് ദേശീയ ന്യൂനപക്ഷ അവകാശ ദിനം. ന്യൂനപക്ഷ സമുദായങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തുല്യ അവസരങ്ങൾ

**പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് എല്ലാവർഷവും ഡിസംബർ 18 ദേശീയ ന്യൂനപക്ഷ അവകാശ ദിനമായി ആചരിക്കുന്നത്.**

**സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ ആഭിമുഖ്യത്തിൽ രാവിലെ തിരുവനന്തപുരം ഗവ.ഗസ്റ്റ് ഹൗസിൽ ന്യൂനപക്ഷ അവകാശ ദിനാചരണ പരിപാടി മന്ത്രി V അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും.**

✪✪✪

**ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഒരു പന്തു പോലുമെറിയാതെ ഉപേക്ഷിച്ചു. ലക്നൗ ഏകനാ സ്റ്റേഡിയത്തിൽ കനത്ത മൂടൽമഞ്ഞിനെ തുടർന്നാണ് മത്സരം ഉപേക്ഷിച്ചത്.**

✪✪✪

**ദേശീയ ജൂനിയർ സ്കൂൾ മീറ്റിൽ കേരളത്തിന് കന്നിക്കിരീടം. സീനിയർ, സബ് ജൂനിയർ സ്കൂൾ മീറ്റുകളിലും കേരളത്തിനായിരുന്നു ചാമ്പ്യൻ പട്ടം. ഇതോടെ ദേശീയ സ്കൂൾ മീറ്റിൽ കേരളം ട്രിപ്പിൾ കിരീടം സ്വന്തമാക്കി.**

✪✪✪

**കണ്ണൂർ സർവ്വകലാശാലയുടെ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് ഇന്ന് അവതരിപ്പിക്കും. രാവിലെ സിൻഡിക്കേറ്റ് യോഗത്തിൽ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി കൺവീനർ ഡോക്ടർ P.K സജിതയാണ് ബജറ്റ് അവതരിപ്പിക്കുന്നത്.**

✪✪✪

**കേരള സർവ്വകലാശാല രജിസ്ട്രാർ അനിൽകുമാറിനെ ശാസ്താംകോട്ട DB കോളേജിലേക്ക് പ്രിൻസിപ്പലായി മാറ്റി നിയമിച്ചു. ഡെപ്യൂട്ടേഷനിലാണ് അദ്ദേഹത്തെ രജിസ്ട്രാറായി നിയമിച്ചിരുന്നത്. ഭാരതാംബ വിവാദത്തിൽ അനിൽകുമാർ സസ്പെൻഷനിലായിരുന്നു.**

✪✪✪

**കാസർകോട് EK നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഇന്നും, നാളെയും ''ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ: പ്രശ്നങ്ങളും വെല്ലുവിളികളും'' എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിക്കും. കർണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. RH പവിത്ര ഉദ്ഘാടനം ചെയ്യും.**

✪✪✪

**കോഴിക്കോട് കോർപറേഷനിലെ മേയർ, ഡെപ്യൂട്ടി മേയർ പദവികളിൽ തിരുമാനമെടുക്കാൻ LDF ജില്ലാ കമ്മിറ്റിയോഗം ഇന്ന് ചേരും.**

**കോർപ്പറേഷനിൽ കോൺഗ്രസ്സുമായി സഖ്യത്തിനില്ലെന്നും, വികസിത കോഴിക്കോടിനായി യഥാർത്ഥ പ്രതിപക്ഷമായി തുടരുമെന്നും BJP സിറ്റി ജില്ലാ പ്രസിഡണ്ട് KP പ്രകാശ് ബാബു അറിയിച്ചു.**

**കോഴിക്കോട് ജില്ലാ പഞ്ചായത്തിലെയും, UDF ന് അധികാരം ലഭിച്ച മുൻസിപ്പാലിറ്റികളിലേയും പദവികളിലേക്ക് അംഗങ്ങളെ തിരുമാനിക്കാൻ മുസ്ലീം ലീഗ് ജില്ലാ പാർലമെന്ററി ബോർഡ് യോഗവും ഇന്ന് ചേരും.**

**കോർപ്പറേഷനിലെ കോൺഗ്രസ് കൗൺസിൽ പാർട്ടി ലീഡറായി മനക്കൽ ശശിയെ തെരഞ്ഞെടുത്തു. ജില്ലാ പഞ്ചായത്ത് കോൺഗ്രസ് പാർലമെന്ററി പാർട്ടി നേതാവായി മില്ലി മോഹനെയും തെരഞ്ഞെടുത്തിട്ടുണ്ട്.**

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: സിയാബ്, ഫസ്ന ഫാത്തിമ*
*DEO: ഷീബ*